# INTER - CHURCH COUNCIL


*Joint Secretary*
**Rev. George Madathiparampil Ph.D**
Mount St. Thomas, P.B. No. 3110
Kakkanad - 682 030
Cell : 97445 76243
Email : georgemparampil@yahoo.com

*President*
**Cardinal Mar George Alencherry**

*Secretary*
**Mar Awgin Kuriakose**
Email : marawgin@gmail.com


All Kerala Press Release

28.01.2025

**ഇന്റർ ചർച്ച് കൗൺസിൽ മീറ്റിങ്ങ് - 28.01.2025**

കൊച്ചി : 2025 ജനുവരി മാസം 28-ന് പാലാരിവട്ടം പിഒസിയിൽ ഇന്റർ ചർച്ച് കൗൺസിൽ സമ്മേളിച്ചു. പ്രസ്തുത സമ്മേളനത്തിൽ ആധ്യക്ഷം വഹിച്ചുകൊണ്ട് കർദിനാൾ മാർ ജോർജ് ആലഞ്ചേരി കേരള സമൂഹം ഇന്നു നേരിടുന്ന സമകാലിക പ്രശ്നങ്ങളെ പരാമർശിച്ചു സംസാരിച്ചു.

മുനമ്പം ജനങ്ങളുടെ പ്രശ്നങ്ങളെ ഒരു സാമുദായിക വിഷയത്തിനപ്പുറമായി അവിടുത്തെ ജനങ്ങളുടെ അടിസ്ഥാന നീതിയുടെയും അവകാശങ്ങളുടെയും വിഷയമായി കണ്ട് ശാശ്വതമായി പരിഹരിക്കുവാൻ കേരളാ ഗവർമെന്റും കേന്ദ്ര ഗവർമെന്റും സത്വര നടപടികൾ സ്വീകരിക്കുവാൻ ഇന്റർ ചർച്ച് കൗൺസിൽ ആഹ്വാനം ചെയ്തു.

സർക്കാരുകൾ ജനങ്ങളുടെ ജിവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കണം; വന്യമൃഗങ്ങൾ വനത്തിന്റെ അതിർത്തിവിട്ട് ജനവാസമേഖലകളിലേക്ക് പ്രവേശിക്കാതിരിക്കാൻ ശക്തമായ നിലപാടുകളും ശാസ്ത്രീയമായ സംവിധാനങ്ങളും അടിയന്തിരമായി നടപ്പിലാക്കണം. ഇക്കാര്യങ്ങൾ ഫലപ്രദമായി നടപ്പിലാക്കുവാൻ ജനങ്ങൾക്ക് ബോധവത്ക്കരണം നടത്തേണ്ടതുമാണ്.

ആദിവാസികളുടെയും, കുടിയേറിപാർത്തവരുടെയും, അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്ന രീതിയിലാകണം വന്യമൃഗസംരക്ഷണത്തിനുവേണ്ടിയുള്ള നിയമങ്ങൾ. മൃഗങ്ങളുടെ വംശവർദ്ധനവ് ശാസ്ത്രീയമായി നിയന്ത്രിക്കേണ്ടതാണ്.

യുവജനങ്ങളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന അക്രമവാസനയും ആത്മഹത്യാപ്രവണതയും ആശങ്കാജനകമാണ്. സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള വികലമായ കാഴ്ചപ്പാട്, കുടുംബബന്ധങ്ങളിലെ ശിഥിലീകരണം; മാതാപിതാക്കന്മാരുടെയോ രക്ഷകർത്താക്കളുടെയോ നിയന്ത്രണമില്ലാതെ വ്യക്തി സ്വാതന്ത്ര്യത്തിന്റെ പേരിൽ മാത്രം കുട്ടികൾ വളരുന്ന സാഹചര്യം, മദ്യം, ലഹരി എന്നിവയുടെ ഉപയോഗം, ഇളം പ്രായത്തിലെ അപക്വമായ പ്രണയ ബന്ധങ്ങൾ, സാമൂഹിക മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കപ്പെടുന്ന തെറ്റായ സന്ദേശങ്ങളും ദൃശ്യ-ശ്രവ്യ ആവിഷ്ക്കാരങ്ങളും, കുട്ടികളുടെയും യുവജനങ്ങളുടെയും മനഃശക്തി ക്ഷയിപ്പിക്കുന്ന വിദ്യാഭ്യാസ മേഖലകളിലെ ന്യൂനതകൾ; സ്വഭാവ രൂപീകരണത്തിനു ഊന്നൽ നൽകാത്ത വിദ്യാഭ്യാസ സമ്പ്രദായം മുതലായവ മേല്പറഞ്ഞ തിന്മകൾക്കു കാരണങ്ങളായി കൗൺസിൽ വിലയിരുത്തി. ഈ പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കാൻ സർക്കാരും മതങ്ങളും സഭാ-സമുദായ-സാംസ്കാരിക സംഘടനകളും ഒത്തൊരുമിച്ചു പ്രവർത്തിക്കണമെന്ന് ഇന്റർ ചർച്ച കൗൺസിൽ ആഹ്വാനം ചെയ്തു.

2026 ജനുവരി 13 ചൊവ്വാഴ്ച്ച കൊല്ലത്തുവെച്ച് അടുത്ത മീറ്റിംഗ് നടത്തുവാൻ കൗൺസിൽ തീരുമാനിച്ചു.

ഈ സമ്മേളനത്തിൽ വിവിധ സഭകളിൽനിന്നായി മാർ ഔഗേൻ കുരിയാക്കോസ്, കുരിയാക്കോസ് മോർ സേവേറിയോസ്, കുര്യാക്കോസ് മോർ തെയോഫിലോസ്, യൂഹാനാൻ മോർ പോളിക്കാർപ്പസ് എന്നീ മെത്രാപ്പോലീത്താമാരും, ഫാ. സ്റ്റീഫൻ കുളത്തുമാക്കിൽ, ഫാ. ജോർജ്ജ് മഠത്തിപ്പറമ്പിൽ, ഫാ. സൈമൺ ജോസഫ്, ഫാ. തോമസ് ഉറുമ്പിത്തടത്തിൽ എന്നിവരും പങ്കെടുത്തു.

**മാർ ഔഗേൻ കുരിയാക്കോസ്**
സെക്രട്ടറി, ഇന്റർ ചർച്ച് കൗൺസിൽ